# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

87

www.industry.kerala.gov.in

01 JULY 2025


# സംസ്ഥാനത്ത് ആഘോഷമായി അന്താരാഷ്ട്ര എം.എസ്.എം.ഇ. ദിനം

സംസ്ഥാനത്തെ 10,000 സംരംഭങ്ങൾക്ക് ഒരു കോടി രൂപ വിറ്റുവരവ് ഉറപ്പാക്കുന്ന 'മിഷൻ 10000' പദ്ധതി ആരംഭിക്കുമെന്ന് ബഹു. വ്യവസായ മന്ത്രി പി. രാജീവ്. നിലവിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് മിഷൻ 1000 നടപ്പാക്കുന്നുണ്ട്. ഇതിന്റെ തുടർച്ചയാണിത്. 2025 ജൂൺ 27ന് തിരുവനന്തപുരം റെസിഡൻസി ടവറിൽ നടന്ന അന്താരാഷ്ട്ര എം.എസ്.എം.ഇ. ദിനാചരണത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനത്തിലാണ് ബഹു. മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. എക്കോടെക്സ് ഹാൻഡ്‌ലൂം കൺസോർഷ്യത്തിന്റെ സ്ഥാപകൻ പത്മശ്രീ. പി. ഗോപിനാഥൻ, കെ.പി. നമ്പൂതിരീസ് ആയുർവേദിക്സിന്റെ മാനേജിങ് ഡയറക്ടർ ശ്രീ. കെ. ഭവദാസൻ എന്നിവരെ ആദരിക്കുന്നതിനും ചടങ്ങ് വേദിയായി.




എക്കോടെക്സ് ഹാൻഡ്‌ലൂം കൺസോർഷ്യം സ്ഥാപകൻ പത്മശ്രീ. പി. ഗോപിനാഥൻ, കെ.പി. നമ്പൂതിരീസ് ആയുർവേദിക്സിന്റെ മാനേജിങ് ഡയറക്ടർ ശ്രീ. കെ. ഭവദാസൻ എന്നിവരെ ആദരിക്കുന്നു



'വ്യവസായ ജാലകം 2025' പ്രകാശനം

'വ്യവസായ ജാലകം 2025' എന്ന കൈപ്പുസ്തകം ചടങ്ങിൽ അധ്യക്ഷത വഹിച്ച അഡ്വ. ആന്റണി രാജു എം.എൽ.എ.യ്ക്ക് നൽകി ബഹു. മന്ത്രി ശ്രീ. പി. രാജീവ് പ്രകാശനം ചെയ്തു. ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന, മൂല്യാധിഷ്ഠിത ഭക്ഷ്യ സംസ്കരണ മേഖലയിലുള്ള ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയുടെ ധാരണാപത്രം വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസും 'കേര' പദ്ധതിയുടെ പ്രൊജക്റ്റ് ഡയറക്ടറും കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ബി. അശോക് ഐ.എ.എസും തമ്മിൽ ഒപ്പുവെച്ചു.

വ്യവസായ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ, നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ, മൂല്യവർദ്ധിത കാർഷിക/വ്യവസായ ഉത്പാദന ഉദ്യമങ്ങൾ, തോട്ടം വ്യവസായം, പുതിയ വ്യവസായ നയം എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച അറൈസ് പ്രശ്നോത്തരിയുടെ മെഗാ ഫൈനൽ വിജയികൾക്കുള്ള സമ്മാനങ്ങളും ബഹു. മന്ത്രി ശ്രീ. പി. രാജീവ് വിതരണം ചെയ്തു.






അറൈസ് പ്രശ്നോത്തരിയുടെ മെഗാ ഫൈനൽ വിജയികൾക്കുള്ള സമ്മാനദാനം ബഹു. മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിക്കുന്നു

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്.; കയർ വികസന വകുപ്പ് ഡയറക്ടർ ശ്രീമതി. ആനി ജൂലാ തോമസ് ഐ.എ.എസ്., കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് വകുപ്പ് ഡയറക്ടർ ഡോ. കെ.എസ്. കൃപകുമാർ, വ്യവസായ വാണിജ്യ വകുപ്പ് അഡിഷനൽ ഡയറക്ടർ ശ്രീ. രാജീവ് ജി., കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, കെ.എസ്സ്.എസ്സ്.ഐ.എ, ഫിക്കി, സി.ഐ.ഐ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## എം. എസ്. എം. ഇ. ഉത്പന്നങ്ങളുടെ മാർക്കറ്റിങ്ങിൽ ശ്രദ്ധയൂന്നും

**നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്**



എം.എസ്.എം.ഇ. നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് അതിന്റെ മാർക്കറ്റിങ്. അതിന്റെ ഭാഗമായി റേഷൻ കടകളോട് ചേർന്ന് പ്രവർത്തിക്കുന്ന കെ സ്റ്റോറിലൂടെ ഏകദേശം 30 കോടിയുടെ എം.എസ്.എം.ഇ. ഉത്പന്നങ്ങൾ ഒരു വർഷത്തിനിടയ്ക്ക് വിൽക്കാൻ കഴിഞ്ഞു. കെ-ഷോപ്പിയിലൂടെ ഘട്ടം ഘട്ടമായി എം.എസ്.എം.ഇ.കളെയും അതിൽ ഉൾപ്പെടുത്തും. കേരളാ ബ്രാൻഡായ 'നന്മ' എം.എസ്.എം.ഇ. ഉത്പന്നങ്ങൾക്കും നൽകാനുള്ള നടപടികൾ സ്വീകരിച്ചതായി മന്ത്രി അറിയിച്ചു.

എം.എസ്.എം.ഇ.യെ പ്രോത്സാഹിപ്പിക്കാനായി നിലവിൽ 38 പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് അംഗീകാരം നൽകി. മൂന്ന് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് വികസന അനുമതി ലഭിച്ചു. എട്ട് പാർക്കുകൾക്ക് കൂടി ഉടൻ അനുമതി ലഭിക്കുമെന്നാണ് കരുതുന്നത്. കാമ്പസുകളോട് ചേർന്ന് ഇൻഡസ്ട്രിയൽ പാർക്കുകൾ വരുന്നതിലൂടെ വ്യവസായ മേഖലയും ഉന്നത വിദ്യാഭ്യാസ മേഖലയും വികസിക്കും. ഈസ് ഓഫ് ഡൂയിങ് ബിസിനെസ്സിൽ രാജ്യത്ത് 28-ാം സ്ഥാനത്തായിരുന്ന കേരളം ഇപ്പോൾ ഒന്നാമത് ആണെന്നതിൽ ഓരോ മലയാളിക്കും അഭിമാനിക്കാം എന്നും മന്ത്രി കൂട്ടിച്ചേർത്തു.

# എം.എസ്.എം.ഇ.കൾക്ക് പിന്തുണയുമായി
# ബിസിനസ് ഡെവലപ്പ്മെന്റ് സർവീസ് പ്രൊവൈഡർമാർ

റൈസിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എം.എസ്.എം.ഇ. പെർഫോമൻസ് (RAMP) പദ്ധതിയുടെ ഭാഗമായി ബിസിനസ് ഡെവലപ്മെന്റ് സർവീസ് പ്രൊവൈഡർമാർക്ക് (BDSP) കേരള എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (KIED) ന്റെ നേതൃത്വത്തിൽ സംസ്ഥാനതല പരിശീലന പരിപാടി സംഘടിപ്പിച്ചു. തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇൻ മാനേജ്മെന്റ് ഗവൺമെന്റ് (IMG) വച്ച് നടന്ന പരിശീലന പരിപാടി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ വിവിധ പഞ്ചായത്ത്, നഗരസഭ, മുനിസിപ്പാലിറ്റികളിൽ എം.എസ്.എം.ഇ. സംരംഭകത്വത്തിന് പിന്തുണ നൽകുന്നതിനായി 500 ബി.ഡി.എസ്.പി.മാരെ താത്കാലിക അടിസ്ഥാനത്തിൽ സംസ്ഥാന വ്യവസായ - വാണിജ്യ ഡയറക്ടറേറ്റ് നിയമിച്ചിരിക്കുകയാണ്. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വ്യവസായ സൗഹൃദ നയങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കുക, സംരംഭകർക്ക് ആവശ്യമായ സഹായം ഉറപ്പാക്കുക എന്നിവയാണ് ബി.ഡി.എസ്.പി.മാരുടെ പ്രധാന ദൗത്യങ്ങൾ.

ലോക ബാങ്കിന്റെ പിന്തുണയുള്ള RAMP പദ്ധതി കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്. എം.എസ്.എം.ഇ. കളുടെ



**പരിശീലന പരിപാടി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു**

മാർക്കറ്റ് പ്രവേശനം സുഗമമാക്കുക, വായ്പ ലഭ്യത ഉറപ്പാക്കുക, നവീകരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, ഹരിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, സംസ്ഥാന - കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. മിഷൻ 1000 യൂണിറ്റുകൾക്ക് ഡി.പി.ആർ. സഹായം, ബിസിനസ് എക്സിക്യൂട്ടീവുകൾ വഴി എം.എസ്.എം.ഇ. കൾക്കുള്ള കൈത്താങ്, തന്ത്രപരമായ പദ്ധതി രൂപീകരണം, ടെക്നോളജി ക്ലിനിക്കുകൾ, പരിശീലന പരിപാടികൾ എന്നിവ ഉൾപ്പെടുത്തി വിപുലമായ രീതിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. പദ്ധതി 2025 ജനുവരി മുതൽ സംസ്ഥാന വ്യവസായ - വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുകയാണ്.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, വ്യവസായ - വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. പി. വിഷ്ണു രാജ് ഐ.എ.എസ്., അഡീഷണൽ ഡയറക്ടർ ശ്രീ. രാജീവ് ജി., ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ (ഇൻചാർജ്) ശ്രീ. ശരത്ത് വി.എസ്, കീഡ് സി.ഇ.ഒ. ശ്രീ. സജി എസ്. എന്നിവർ ഉദ്ഘാടനം ചടങ്ങിൽ സാന്നിധ്യമറിയിച്ചു.

# തോട്ടം മേഖലയിൽ പുത്തൻ ഉണർവായി പ്ലാന്റേഴ്സ് മീറ്റ്

ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2025 ജൂൺ 23 തിങ്കളാഴ്ച രാവിലെ 10.00 മണി മുതൽ 5.00 മണി വരെ കട്ടപ്പന കേജീസ് ഹിൽടൗൺ ഹോട്ടലിൽ വെച്ച് പ്ലാന്റേഴ്സ് മീറ്റ് സംഘടിപ്പിച്ചു. ബഹു. ഉടുമ്പൻചോല എം എൽ എ ശ്രീ. എം എം മണി അദ്ധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഔപചാരിക ഉദ്ഘാടനം ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് IAS, പ്ലാന്റേഷൻ സ്പെഷ്യൽ ഓഫീസറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ ശ്രീ. പി വിഷ്ണുരാജ് IAS, ഇടുക്കി ജില്ലാ കളക്ടർ ശ്രീമതി. വി. വിഗ്നേശ്വരി IAS, നഗരസഭ ചെയർപേഴ്സൺ ശ്രീമതി. ബീനാ ടോമി, അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഇൻ കേരള ചെയർമാൻ ശ്രീ. പ്രിൻസ് തോമസ് ജോർജ്, സംസ്ഥാന പ്ലാന്റേഷൻ ബിസിനസ് അഡ്വൈസറി കമ്മിറ്റി അംഗം സ്റ്റാനി പോത്തൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

പ്രസ്തുത സംഗമത്തിൽ തോട്ടം ഉടമകളുമായും തോട്ടം മേഖലയിലെ വിവിധ സംഘടനാ പ്രതിനിധികളുമായും ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി ആശയ വിനിമയം നടത്തി രാവിലെ ഏലം മേഖലയിലെ തോട്ടം ഉടമകളുമായും ഉച്ചകഴിഞ്ഞ് തേയില, കാപ്പി, റബ്ബർ മേഖലയിലെ തോട്ടം ഉടമകളുമായും ചർച്ച




നടത്തി. ഈ സംഗമത്തിൽ തോട്ടം മേഖലയിലെ എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യുകയും കർഷകരും തോട്ടം ഉടമകളും മുന്നോട്ട് വെച്ച പരാതികൾക്കും സംശയങ്ങൾക്കും ബഹു. മന്ത്രി ശ്രീ. പി. രാജീവ് പരിഹാര മാർഗങ്ങൾ നിർദേശിച്ചു. ഭൂ പ്രശ്നങ്ങൾ, സി എച്ച് ആർ വിഷയം, തൊഴിലാളികൾക്ക് ഇൻഷുറൻസ്, കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുത ചാർജുകളിൽ ഇളവ്, കൃഷി നാശത്തിന് നഷ്ടപരിഹാരം, ഏലക്കായുടെ വിപണനം, ഗുണമേന്മ പരിശോധന, ജൈവകൃഷി പ്രോൽസാഹനം, പ്ലാന്റേഷൻ ടൂറിസം, ഏലയ്ക്കാ സ്റ്റോറുകളുടെ നിർമാണം, വന്യ ജീവി ആക്രമണം, ജി എസ് ടി. ഏലയ്ക്കാ റീ പൂളിംഗ് തുടങ്ങിയ വിഷയങ്ങൾ കർഷകർ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി. പുതിയ ഭൂപതിവ് നിയമത്തിന്റെ ഭേദഗതി ഉടൻ നിലവിൽ വരുമെന്നും ആ സാഹചര്യത്തിൽ ജില്ലയിലെ മിക്കവാറും ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്നും മന്ത്രി അറിയിച്ചു.

# ലോജിസ്റ്റിക് പാർക്കുകളിലെ സംരംഭകർക്കും 100% സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇളവുകൾ

സംസ്ഥാനത്തെ ലോജിസ്റ്റിക് പാർക്കുകളിലെ സംരംഭകർക്കും 100% സ്റ്റാമ്പ് ഡ്യൂട്ടി/രജിസ്ട്രേഷൻ ഫീസ് ഇളവുകൾ നൽകാൻ തീരുമാനം. വ്യവസായ നയം 2023 പ്രകാരം, സ്വകാര്യ വ്യവസായ പാർക്കുകളിലെ സംരംഭകർക്ക് നൽകുന്ന 100% സ്റ്റാമ്പ് ഡ്യൂട്ടി / രജിസ്ട്രേഷൻ ഫീസ് ഇളവുകൾ ലോജിസ്റ്റിക് നയത്തിനനുസൃതമായി സംസ്ഥാനത്ത് സ്ഥാപിക്കുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ളത് ഉൾപ്പെടെയുള്ള ലോജിസ്റ്റിക് പാർക്കുകളിലെ സംരംഭകർക്കും ലോജിസ്റ്റിക് നയം വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്ക് അനുവദിക്കാനാണ് തീരുമാനം.

കേരളത്തിലെ നിക്ഷേപ വളർച്ചയും സംരംഭക സൗഹൃദാന്തരീക്ഷ സൃഷ്ടിയും ലക്ഷ്യമാക്കി സർക്കാർ പ്രഖ്യാപിച്ച 2023 ലെ വ്യവസായ നയത്തിൽ 22 മുൻഗണനാ മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്. ലോജിസ്റ്റിക്സ് & പാക്കേജിംഗ് മേഖലയും ഇതിൽ ഉൾപ്പെടുന്നു. വ്യവസായ പാർക്കുകളുടെ ലാന്റ് പോളിസിയിലും കെ.എസ്.ഐ.ഡി.സിയും കിൻഫ്രയും സംരംഭകർക്ക് നൽകുന്ന അടിസ്ഥാന സൗകര്യങ്ങളിലും ലോജിസ്റ്റിക് മേഖലക്ക് പ്രത്യേക പരിഗണനയാണ് നൽകുന്നത്. ഈ സാഹചര്യത്തിലാണ് സ്റ്റാമ്പ് ഡ്യൂട്ടി / രജിസ്ട്രേഷൻ ഫീസ് ഇളവുകൾ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് പുറമേ ലോജിസ്റ്റിക് പാർക്കുകളിലെ സംരംഭകർക്കും അനുവദിക്കുന്നത്. പാർക്കുകളിൽ വസ്തു, കെട്ടിടം എന്നിവ വാങ്ങുന്നതിനും ലീസ് എഗ്രിമെന്റുകൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയാണ് ഒഴിവാക്കുക.




ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക്

**വലിയ ഉയരങ്ങൾ താണ്ടാം**

പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

10 ലക്ഷം രൂപ വരെ സബ്സിഡി

എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം

MOFPI MINISTRY OF FOOD PROCESSING INDUSTRIES GOVERNMENT OF INDIA · PMFME · വ്യവസായ വാണിജ്യ വകുപ്പ് കേരള സർക്കാർ · വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് കേരള സർക്കാർ · K-bip

പദ്ധതിയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയാൻ

www.pmfmekerala.org

പി.എം.എഫ്.എം.ഇ. കേരളം ഹെൽപ് ലൈൻ: 97470 22883


Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.